**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2241** **16-03-2022 - ൽ മറുപടിയ്ക്ക്**

**സർജിക്കൽ ഓങ്കോളജി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ സർജിക്കൽ ഓങ്കോളജി വിഭാഗത്തിൽ എത്ര അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളാണ് നിലവിലുള്ളത്; ഇവയിൽ എത്ര തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്; ഓങ്കോളജി വിഭാഗത്തിൽ പുതുതായി സൃഷ്ടിച്ച ഏതെങ്കിലും തസ്തിക മറ്റേതെങ്കിലും വിഭാഗത്തിലേക്ക് മാറ്റി നൽകിയിട്ടുണ്ടോ; | (എ) | 22/12/2016 – ലെ സ.ഉ(സാധാ)225/2016/ ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം സൃഷ്ടിച്ച 10 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിലെ സർജിക്കൽ ഓങ്കോളജി വിഭാഗത്തിലായി നിലവിലുണ്ട്. ആയതിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ സൃഷ്ടിച്ച ഒരു അസിസ്റ്റന്റ് പ്രൊഫസർ തസ്തിക താൽക്കാലികമായി എൻഡോക്രൈനോളജി വിഭാഗത്തിലേക്ക് മാറ്റി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നാല് അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സർജറി വിഭാഗത്തിൽ ജോലി ചെയ്തു വരുന്ന നാല് അസിസ്റ്റന്റ് പ്രൊഫസർമാർക്ക് അക്കോമ്മൊഡേഷൻ വ്യവസ്ഥയിൽ നിയമനം നൽകുകയുണ്ടായി. ഇപ്രകാരം അക്കൊമ്മൊഡേഷൻ വ്യവസ്ഥയിൽ നിയമനം ലഭിച്ച ഒരു അസിസ്റ്റന്റ് പ്രൊഫസർ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഒരൊഴിവ് നിലവിലുണ്ട്. ബാക്കിയുള്ള അഞ്ച് തസ്തികകൾ കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | കോഴിക്കോട് മെഡിക്കൽ കോളേജിൽ സർജിക്കൽ ഓങ്കോളജി വിഭാഗത്തിൽ എത്ര അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളാണ് നിലവിലുള്ളത്; പ്രസ്തുത തസ്തികകളിൽ നിലവിൽ ജോലി ചെയ്തുവരുന്നത് ആരെല്ലാമാണെന്നും അവർ എത്ര കാലമായി പ്രസ്തുത തസ്തികകളിൽ സ്ഥിരമായി ജോലി ചെയ്തുവരുന്നുവെന്നും വിശദമാക്കാമോ; | (ബി) | 22/12/2016 – ലെ സ.ഉ(സാധാ)225/2016/ ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം സൃഷ്ടിച്ച 2 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ നിലവിലുണ്ട്. പ്രസ്തുത രണ്ട് തസ്തികകളിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സർജറി വിഭാഗത്തിൽ ജോലി ചെയ്തു വരുന്ന രണ്ട് അസിസ്റ്റന്റ് പ്രൊഫസർമാർക്ക് അക്കൊമ്മൊഡേഷൻ വ്യവസ്ഥയിൽ നിയമനം നൽകുകയുണ്ടായി. ഇപ്രകാരം അക്കൊമ്മൊഡേഷൻ വ്യവസ്ഥയിൽ നിയമനം ലഭിച്ച ഡോ.ശ്രീകാന്ത്.എസ്.കുമാർ 01/07/2018 മുതൽ |

| | | | |
|---|---|---|---|
| | | | സർജിക്കൽ ഓങ്കോളജി വിഭാഗത്തിൽ ജോലി ചെയ്തു വരികയാണ്. അക്കൊമ്മൊഡേഷൻ വ്യവസ്ഥയിൽ നിയമനം ലഭിച്ച മറ്റൊരു അസിസ്റ്റന്റ് പ്രൊഫസർ ഈ വിഭാഗത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടില്ല. |
| (സി) | മെഡിക്കൽ കോളേജുകളിൽ വിവിധ വിഭാഗങ്ങളിൽ ജോലി ചെയ്തുവരുന്നവരിൽ ബിരുദാനന്തര ബിരുദം ഉള്ളവരെ അവർ സ്പെഷ്യലൈസ് ചെയ്ത വിഭാഗത്തിലേയ്ക്ക് മാറ്റി നിയമിക്കുന്നതിന് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; | (സി) | പോസ്റ്റ് ഗ്രാജുവേഷൻ നേടിയിട്ടുള്ള/പോസ്റ്റ് ഗ്രാജുവേഷൻ ചെയ്യുന്ന 29 ഡോക്ടർമാർക്ക് 26/02/2021 – ലെ സ.ഉ(സാധാ)592/2021/ആ.കു.വ, 01/07/2021 – ലെ സ.ഉ(സാധാ)1401/2021/ആ.കു.വ ഉത്തരവുകൾ പ്രകാരം അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്പെഷ്യലൈസ് ചെയ്ത വിഭാഗത്തിലേയ്ക്ക് ഡോക്ടർമാരെ മാറ്റി നിയമിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് ബോധ്യപ്പെട്ട സാഹചര്യത്തിലാണ് സർക്കാർ പരാമർശിത ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നത്. |
| (ഡി) | പ്രസ്തുത ഡോക്ടർമാരെ സ്പെഷ്യലൈസ് ചെയ്ത വിഭാഗത്തിലേയ്ക്ക് മാറ്റി നിയമിക്കാത്തതുമൂലം അവരുടെ വൈദഗ്ധ്യം രോഗികൾക്ക് ലഭിക്കാതെ പോകുന്നതും അതുണ്ടാക്കുന്ന പ്രയാസങ്ങളെക്കുറിച്ചും പരിശോധിച്ചിട്ടുണ്ടോ; | (ഡി) | പോസ്റ്റ് ഗ്രാജുവേഷൻ നേടിയിട്ടുള്ള/പോസ്റ്റ് ഗ്രാജുവേഷൻ ചെയ്യുന്ന 29 ഡോക്ടർമാർക്ക് 26/02/2021 – ലെ സ.ഉ(സാധാ)592/2021/ആ.കു.വ, 01/07/2021 – ലെ സ.ഉ(സാധാ)1401/2021/ആ.കു.വ ഉത്തരവുകൾ പ്രകാരം അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്പെഷ്യലൈസ് ചെയ്ത വിഭാഗത്തിലേയ്ക്ക് ഡോക്ടർമാരെ മാറ്റി നിയമിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് ബോധ്യപ്പെട്ട സാഹചര്യത്തിലാണ് സർക്കാർ പരാമർശിത ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നത്. |
| (ഇ) | സർജിക്കൽ ഓങ്കോളജിയിൽ ബിരുദാനന്തര ബിരുദമുള്ള ആരെങ്കിലും കോഴിക്കോട് മെഡിക്കൽ കോളേജിലെ സർജിക്കൽ ഓങ്കോളജി വിഭാഗത്തിലേയ്ക്ക് ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫറിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ട്രാൻസ്ഫർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ആയത് അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ? | (ഇ) | സർജിക്കൽ ഓങ്കോളജി വിഭാഗത്തിലേയ്ക്ക് ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ അനുവദിക്കണമെന്നാവശ്യപ്പെട്ടുള്ള അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. വിശദമായ പരിശോധന നടത്തി സർക്കാർ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ